(ബി) ശിരുവാണി ഡാമിൽനിന്ന് സംസ്ഥാനത്തിനനുവദിച്ച ജലം നഷ്ടമാകാതിരിക്കുന്നതിന് ശിരുവാണിയിൽ സംസ്ഥാനപ്രതിനിധിയെ നിയമിക്കാൻ നടപടി കൈക്കൊള്ളുമോ ;

(സി) ശിരുവാണി പദ്ധതിക്കുവേണ്ടി എത്ര ഏക്കർ ഭൂമിയാണ് തമിഴ്നാട് ഉപയോഗിക്കുന്നതെന്നും 1996-97 മുതൽ എന്ത് തുകയാണ് പ്രതിഫലമായി സംസ്ഥാനത്തിന് ലഭിച്ചതെന്നും വ്യക്തമാക്കുമോ ;

(ഡി) ശിരുവാണി പദ്ധതിയിൽനിന്നും എന്നു മുതലാണ് തമിഴ്നാട് ജലം കൊണ്ടുപോയി തുടങ്ങിയതെന്നും പദ്ധതി ഔദ്യോഗികമായി കമ്മീഷൻ ചെയ്തത് എന്നാണെന്നും വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ശിരുവാണി ഡാമിലെ 'ഇൻടേക് വെൽ' റിസർവോയറിന് അകത്തായതിനാൽ അവിടെവച്ച് വെള്ളത്തിന്റെ അളവ് എടുക്കാൻ കഴിയില്ല. ടണൽ എക്സിറ്റിൽ അളവെടുക്കുന്നതിനുള്ള യന്ത്രം സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ശിരുവാണിയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കീഴിൽ ഒരു സബ് ഡിവിഷൻ ഓഫീസ് തന്നെ പ്രവർത്തിക്കുന്നുണ്ട്.

(സി) ശിരുവാണി പദ്ധതിക്കുവേണ്ടി 370 ഹെക്ടർ ഭൂമിയാണ് തമിഴ്നാട് ഉപയോഗിക്കുന്നത്. 1996-97 മുതൽ 1999-2000 വരെ 1,85,000 രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) ശിരുവാണി പദ്ധതിയിൽനിന്നും 1984 മുതൽ തമിഴ്നാട് കരാറനുസരിച്ച് ജലം കൊണ്ടുപോകുന്നുണ്ട്. ഈ പദ്ധതി ഔദ്യോഗികമായി കമ്മീഷൻ ചെയ്തിട്ടില്ല.

മുല്ലപ്പെരിയാർ-പറമ്പിക്കുളം-അലിയാർ കരാറുകളെ സംബന്ധിച്ച അഡ്ഹോക് കമ്മിറ്റി ശുപാർശകൾ

13 (*43) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ ഡാമിലെ ജലവിതരണം ഉയർത്തണമെന്നുള്ള തമിഴ്നാടിന്റെ ആവശ്യത്തിന്മേൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ബി) ഇതു സംബന്ധമായി ഇപ്പോൾ സുപ്രീം കോടതിയിൽ നടന്നുവരുന്ന കേസ്സിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മുല്ലപ്പെരിയാർ-പറമ്പിക്കുളം അലിയാർ കരാറുകളെ സംബന്ധിച്ച് നിയമസഭയുടെ അഡ്-ഹോക്ക് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാം ;

(ഡി) പ്രസ്തുത ശുപാർശകളിന്മേൽ സംസ്ഥാന സർക്കാർ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഇ) ഇടുക്കി ജില്ലയിൽ സമീപകാലത്ത് ഉണ്ടായ ഭൂചലനങ്ങളെ തുടർന്ന് മുല്ലപ്പെരിയാർ ഡാമിലെ ജലവിതാനം താഴ്ത്തുന്നതിനായി സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ജലവിതാനം എത്ര അടിയായി കുറയ്ക്കണമെന്നാണ് സർക്കാരിന്റെ നിലപാട് ; ഇതിനായി എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ&ബി) അനുബന്ധം 1 ആയി കൊടുത്തിരിക്കുന്നു†.

(സി) അനുബന്ധം 2 ആയി കൊടുത്തിരിക്കുന്നു†.

(ഡി) അനുബന്ധം 3 ആയി കൊടുത്തിരിക്കുന്നു†.

(ഇ&എഫ്) ഈ അടുത്തകാലത്ത് കേരളത്തിലുണ്ടായ ഭൂചലനങ്ങളെ തുടർന്ന് മുല്ലപ്പെരിയാർ ഡാമിലുണ്ടായ ആഘാതം വിലയിരുത്തുന്നതിനായി സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ ഡയറക്ടർ ഡോ. ബാവ കോ-ഓർഡിനേറ്റർ ഒരു എട്ടംഗ വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിരിക്കയാണ്. ഇവരുടെ പഠന നിഗമനങ്ങൾ വിലയിരുത്തിയശേഷമേ എന്തു നടപടി സ്വീകരിക്കണമെന്ന് തീരുമാനിക്കാനാകൂ.

വൈദ്യുതി സുരക്ഷാ ഇൻഷുറൻസ് പദ്ധതി

14 (*44) ശ്രീ. റ്റി. കെ. നൗഷാദ് :
ശ്രീ. എം. വി. ജയരാജൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. പി. വിശ്വൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി സുരക്ഷാ ഇൻഷുറൻസ് പദ്ധതി നടപ്പാക്കിത്തുടങ്ങിയിട്ടുണ്ടോ ; എങ്കിൽ എന്നു മുതൽ ;

(ബി) വൈദ്യുതി സുരക്ഷാ ഇൻഷുറൻസ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

† അനുബന്ധം IV, IV എ, IV ബി

LIBRARY ARCHIVES Kerala Legislative Assembly

25. ചിറ്റൂർ
26. കേരളാധീശ്വരപുരം
27. പാതായ്ക്കര
28. പൊന്നാനി
29. പാണ്ടിക്കാട്
30. ഏലത്തൂർ
31. ചെറുവത്തൂർ
32. നീലേശ്വരം

അനുബന്ധം IV

[20-2-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 13(*43)-ന്റെ 'എ'&'ബി' ഉത്തരം ദയവായി കാണുക]

മുല്ലപ്പെരിയാറിലെ ജലനിരപ്പുയർത്തുന്നതിനെതിരെ സ്വീകരിച്ച നടപടികൾ :-

മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തിയാലുണ്ടാകാവുന്ന ഭീഷണാവസ്ഥ കണക്കിലെടുത്ത് 1998-ൽ ഏപ്രിൽ 3-ാം തീയതി ഇതിനെതിരെ ഐകകണ്ഠേന ഒരു പ്രമേയം കേരള നിയമസഭ പാസ്സാക്കുകയും കേന്ദ്ര സർക്കാരിന് അയയ്ക്കുകയും ചെയ്തിരുന്നു. കേരളത്തിലും തമിഴ്നാട്ടിലും ഹൈക്കോടതികളിൽ നിലവിലുള്ള മുല്ലപ്പെരിയാർ സംബന്ധിച്ച് കേസുകൾ സുപ്രീം കോടതിയിലേക്ക് മാറ്റണമെന്ന് ആവശ്യപ്പെട്ട് തമിഴ്നാടും ഡോ. സുബ്രഹ്മണ്യസ്വാമിയും സമർപ്പിച്ച ട്രാൻസ്ഫർ പെറ്റീഷൻ വേണ്ടവിധം കൈകാര്യം ചെയ്യാൻ സീനിയർ അഭിഭാഷകരായ ശ്രീ. അശോക് ദേശായി ഡോ. രാജീവ്ധവാൻ, ശ്രീ. അന്ത്യാർജ്ജുന എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അഡ്വ. ജനറലും ഇതിന് ഹാജരാകുന്നു. കേന്ദ്രം നിയോഗിച്ച സാങ്കേതിക കമ്മിറ്റിയിൽ കേരളത്തിന്റെ പ്രതിനിധിയായി ശ്രീ.എം. കെ. പരമേശ്വരൻ നായരെ നോമിനേറ്റ് ചെയ്തിരുന്നു. കേരളത്തിന്റെ നിലപാട് ശക്തിയുക്തമായും ശാസ്ത്രീയമായും കേന്ദ്രകമ്മിറ്റി മുമ്പാകെ അവതരിപ്പിക്കാൻ ഇതുമൂലം സാദ്ധ്യമായി.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV 'എ'

20-2-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 13(*43)-ന്റെ 'സി' ഉത്തരം ദയവായി കാണുക

സമിതിയുടെ പ്രധാന നിർദ്ദേശങ്ങളും ശുപാർശകളും

ക്രമനമ്പർ	ശുപാർശകൾ/നിർദ്ദേശങ്ങൾ	ഖണ്ഡിക
(1)	(2)	(3)
1	പറമ്പിക്കുളം-അലിയാർ കരാറിന്റെ നിയമസാധുതയെപ്പറ്റി സമിതിക്ക് സംശയമുണ്ട്. മുൻകാല പ്രാബല്യത്തോടെ കരാർ ഉണ്ടാക്കി എന്നു മാത്രമല്ല കാറിന് കാലപരിധിയും നിശ്ചയിച്ചിട്ടില്ല. അതിനാൽ ഇക്കാര്യത്തിൽ സർക്കാർ നിയമ വിദഗ്ദ്ധരുടെ ഉപദേശം തേടേണ്ടതാണ്. കാവേരി ട്രിബ്യൂണലിൽ സംസ്ഥാനത്തിന്റെ വാദഗതിയും പറമ്പിക്കുളം-അലിയാർ കരാറിൽ ഉന്നയിക്കുന്ന വാദഗതികളും വിഭിന്നമാകാതിരിക്കാനായി രണ്ട് കാര്യങ്ങളും പരിശോധിക്കുന്നതിനായി ഒരു പ്രത്യേക സംവിധാനം ഉണ്ടാകുന്നത് നന്നായിരിക്കും എന്ന അഭിപ്രായവും കമ്മിറ്റിക്കുണ്ട്. കൂടാതെ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള ചർച്ചകളും മറ്റും അനന്തമായി നീണ്ടുപോകുന്നത് തടയുന്നതിനായി സർക്കാർ പ്രത്യേക ശ്രദ്ധ നൽകേണ്ടതുമാണ്.	6
2	പറമ്പിക്കുളം-അലിയാർ പദ്ധതി കരാറിലെ അപാകതകൾ പരിഹരിച്ച് നമ്മുടെ സംസ്ഥാനത്തിന് അർഹമായ ജലലഭ്യത ഉറപ്പു വരുത്തുന്ന രീതിയിൽ കരാർ അടിയന്തിരമായി പുനഃരവലോകനം ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.	15
3	ഈ വസ്തുതകൾ പുനഃരവലോകന ചർച്ചയിൽ മേൽപ്പറഞ്ഞ ഡാമുകളുടെ വിഹിതം നിശ്ചയിക്കുമ്പോൾ പരിഗണിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.	16
4	അതുകൊണ്ട് ആനമലയാറിലെ ജലം വിട്ട് കൊടുക്കുന്നതിനെ സംബന്ധിച്ച വ്യവസ്ഥ കരാറിൽ നിന്ന് ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമതി ശുപാർശ ചെയ്യുന്നു.	17
5	അപ്പർ നീരാറിലെ അധിക ജലം കേരളത്തിന് ലഭിക്കുന്നതിനായി ആഗസ്റ്റ് 1 മുതൽ ജനുവരി 31 വരെ നീരാറിലെ ജലം കേരളത്തിലേക്ക് വിടേണ്ടതാണെന്ന് കരാറിൽ ഭേദഗതി വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.	19

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
6	ഇപ്രകാരം ലഭിക്കുന്ന അധികജലം ലോവർ നീരാർ ഡാമിൽ നിന്നും കേരളത്തിന് ലഭ്യമാക്കേണ്ടതാണ്. ഇതിനാവശ്യമായ വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.	20
7	കേരളത്തിനുകൂടി അവകാശപ്പെട്ട ഈ അധികജലം ആനുപാതികമായി വിഭജിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. സംസ്ഥാനത്തെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് ഈ അധികജലം ഒരളവുവരെ സഹായിക്കും.	21
8	ഈ അധികജലം നേടിയെടുക്കുന്നതിന് ബന്ധപ്പെട്ടവർ ശുഷ്ക്കാന്തി കാണിക്കാതിരുന്നത് ഗുരുതരമായ വീഴ്ചയായി സമിതി കരുതുന്നു. ഇത് പരിഹരിക്കുന്നതിന് ഭരണപരമായ നടപടി സ്വീകരിക്കേണ്ടതാണ്.	24
9	പറമ്പിക്കുളം ഗ്രൂപ്പിൽ നിന്നും സർക്കാർപതി പവർഹൗസിൽ ഉപയോഗിക്കാവുന്ന ജലത്തിന്റെ തോത് നിശ്ചയിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള ഫോർമുല യഥാർത്ഥ ജലലഭ്യതയുടെ അടിസ്ഥാനത്തിൽ മാറ്റം വരുത്തുന്നതിന് കരാർ പുതുക്കുമ്പോൾ ആവശ്യപ്പെടേണ്ടതാണ്.	25
10	വൈദ്യുതി ഉല്പാദനത്തിന് എടുക്കുന്ന വെള്ളവും വൈദ്യുതി ഉല്പാദിപ്പിക്കാത്ത സമയത്ത് സർജ്ഷാഫ്റ്റിലൂടെ വിടുന്ന വെള്ളവും പ്രത്യേകം അളക്കേണ്ടതാണ്.	26
11	സർക്കാർപതി പവർ ഹൗസിലും പവർ ഹൗസ് കോൺസ്റ്റന്റിന്റെ അടിസ്ഥാനത്തിൽ ജലത്തിന്റെ അളവ് കണക്കാക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്.	27
12	ഈ വസ്തുതകളുടെ വെളിച്ചത്തിൽ ചിറ്റൂർ പുഴയ്ക്ക് ന്യായമായി ലഭിക്കേണ്ട ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി കരുതുന്നു.	28
13	ചിറ്റൂർ പുഴ നദീതടത്തിലെ ആവശ്യത്തിനായി കരാർ പ്രകാരം ലഭിക്കേണ്ട ജലം അലിയാർ ഡാമിൽ അളന്ന് തരുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഇപ്രകാരം നൽകുന്ന ജലം ഡാമിലെ റിവർസുലൂയിസിൽ കൂടി അളന്ന് തരേണ്ടതാണ്. അലിയാർ ഡാമിൽ നിന്ന് തുറന്നുവിടുന്ന ജലത്തിൽ നിന്നും തമിഴ്നാട് 5 ആനിക്കെട്ടുകളിൽ നിന്നും	29

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
	എടുക്കുന്ന ജലവും പമ്പ്സെറ്റ് വച്ച് എടുക്കുന്ന ജലവും കുറച്ച് ശേഷമായിരിക്കണം ചിറ്റൂർ പുഴയിൽ കേരളത്തിന് ലഭിക്കേണ്ട ജലം കണക്കാക്കേണ്ടത് മണക്കടവിന് മുകളിലുള്ള അഞ്ച് ആനിക്കെട്ടുകളിൽനിന്നുമായി 4 ടി.എം.സി. ഫീറ്റ് ജലംവരെ തമിഴ്നാട് എടുക്കുന്നുണ്ട്. രണ്ട് ടി.എം.സി. ഫീറ്റ് കഴിഞ്ഞുള്ള ജലം നമ്മുടെ സംസ്ഥാനത്തിന് അവകാശപ്പെട്ടതാണ്.	
14	ഇത്തരം ഇളവുകൾ അനുവദിക്കരുതെന്നും അർഹമായ ജലം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.	30
15	കോണ്ടൂർ കനാലിലെ വെള്ളം തമിഴ്നാട് മാറ്റി കൊണ്ടുപോകുന്നത് ഫലപ്രദമായി തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. ഈ ജലം ചിറ്റൂർ പുഴയിൽ ലഭിക്കേണ്ടതാണ്. അവിടെ ഗേജിംഗ് എങ്ങനെ ഫലപ്രദമാക്കാം എന്നകാര്യം ജലസേചനവകുപ്പ് പരിശോധിക്കേണ്ടതാണ്.	31
16	മുൻവർഷങ്ങളിൽ യഥാസമയം നടപടികൾ സ്വീകരിക്കാതിരുന്നത് ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി സമിതി കരുതുന്നു. അലിയാർ കാച്ച്മെന്റ് ഏരിയയിലെ ജലം അളക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ആ ജലത്തിന് കേരളത്തിനുള്ള അവകാശം സ്ഥാപിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.	32
17	നല്ലാർ പദ്ധതിയ്ക്ക് അനുമതി കൊടുക്കുകയാണെങ്കിൽ അത് സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് ദോഷകരം ആവുകയേ ഉള്ളൂ. ഭാരതപ്പുഴയുടെ നദീതടങ്ങൾ വളരാനും ഇത് ഇടയാക്കും.	33
18	ഈ വാദഗതി കേരളത്തിന്റെ മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിട്ടുണ്ട്. ഇത് സ്ഥാപിച്ചെടുക്കുന്നതിന് കേരളം ശ്രമിക്കേണ്ടതാണ്.	35
19	ഇവിടെ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് ഫാമിലി ക്വാർട്ടേഴ്സ് സൗകര്യവും പ്രത്യേക പ്രോത്സാഹനങ്ങളും നൽകുന്നതിന് സർക്കാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഗേജിംഗ് കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന ഉയർന്ന ഉദ്യോഗസ്ഥൻമാർ കൂടെക്കൂടെ പരിശോധിക്കേണ്ടതാണ്. ഗേജിംഗ് സിസ്റ്റം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.	36

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
20	തമിഴ്നാടുമായി ഇത് സംബന്ധിച്ച് അടിയന്തിരമായി ചർച്ച നടത്തി കെട്ടിടങ്ങൾ ഏറ്റെടുക്കുന്നതിനും പാട്ട കുടിശ്ശിക ഈടാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.	40
21	സംസ്ഥാനത്തിന്റെ താല്പര്യം ഒരു വിധത്തിലും പരിഗണിക്കാതെ വളരെ ദീർഘമായ ഒരു കാലയളവിലേയ്ക്ക് ഒപ്പുവെച്ച ഈ കരാറിന് സ്വാതന്ത്ര്യലബ്ധിയോടുകൂടി നിയമസാധുത നഷ്ടപ്പെട്ടു എന്നാണ് സമതിയുടെ സുചിന്തിതമായ അഭിപ്രായം. ഇക്കാര്യത്തിൽ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.	45
22	അനധികൃതമായി അരമതിൽ നിർമ്മിച്ച കാര്യം കേന്ദ്രജലകമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.	47
23	ഡാമിന്റെ സുരക്ഷ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ സാങ്കേതിക വിദഗ്ദ്ധരുടെ അഭിപ്രായം ആരായണമെന്നും ഇതിനായി ഒരു കമ്മിറ്റിയെ നിയോഗിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഈ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ ജലവിതാനം +152 അടിയായി ഉയർത്താൻ അനുവദിക്കാവൂ എന്ന് സമിതി നിർദ്ദേശിക്കുന്നു.	48
24	അതിനാൽ വൈദ്യുതി ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് നൽകുന്ന വിഹിതം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും കരാർ പ്രാബല്യത്തിൽ വന്ന 13-11-1954 മുതൽ ഓരോ 10 വർഷം കൂടുമ്പോവും ആദായവിഹിതം പുനഃരവലോകനം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. പുനഃരവലോകനം നടത്തുമ്പോൾ തമിഴ്നാട്ടിൽ നിന്ന് നമ്മുടെ സംസ്ഥാനത്തിന് ലഭിക്കുന്ന വൈദ്യുതിക്ക് ഈടാക്കുന്ന നിരക്കിൽ തുക ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യേണ്ടതാണ്.	50
25	ഓരോ മൂന്നുമാസം കൂടുമ്പോഴും റീഡിംഗ് എടുക്കണം എന്ന് സമിതി നിർദ്ദേശിക്കുന്നു.	52
26	ബേബി ഡാമിന്റെയും ജലവിതാനം ഉയർത്തുന്നതിന് അനുമതി നൽകരുതെന്ന് സമിതി നിർദ്ദേശിക്കുന്നു.	53

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
27	പാട്ടഭൂമിയുടെ വിസ്തീർണ്ണത്തെ സംബന്ധിച്ച് ഒരു തർക്കമുള്ളതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ഇത് പരിഹരിക്കുന്നതിന് പാട്ടത്തിന് കൊടുത്തിട്ടുള്ള പ്രദേശം റീസർവ്വേ നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.	54
28	നദീജല കരാറുകൾ സംബന്ധിച്ച് ചർച്ചകളിൽ വിദഗ്ദ്ധോപദേശം ലഭിക്കുന്നതിനുള്ള ഒരു സംവിധാനം ഏർപ്പെടുത്തുന്നത്. ഉചിതമായിരിക്കുമെന്ന് സമിതി കരുതുന്നു.	56
29	ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ നദികളെ കുറിച്ചും ജലാശയങ്ങളെക്കുറിച്ചും സമഗ്രമായി പഠിക്കുന്നതിനും ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും മറ്റുമായി ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.	57

അനുബന്ധം IV 'ബി'

[20-2-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 13(*43)-ന്റെ 'ഡി' ഉത്തരം ദയവായി കാണുക]

മുല്ലപ്പെരിയാർ പറമ്പിക്കുളം അലിയാർ കരാറുകളെ സംബന്ധിച്ച് നിയമസഭാ അഡ്ഹോക്ക് കമ്മിറ്റിയുടെ പ്രധാന ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ :-

പി.എ.പി. സംബന്ധിച്ച പ്രധാന ശുപാർശകളിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു.

1994-ലെ അഡ്ഹോക്ക് കമ്മിറ്റി പ്രധാനമായും പറമ്പിക്കുളം-അലിയാർ പദ്ധതി കരാറിന്മേലുള്ള ലംഘനങ്ങളാണ് ചൂണ്ടിക്കാണിച്ചത്. ഈ ലംഘനങ്ങൾ അന്നത്തെ മുഖ്യമന്ത്രി, തമിഴ്നാട് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. എന്നാൽ തമിഴ്നാട് സർക്കാരിൽ നിന്നു ലഭിച്ച മറുപടിയിൽ കരാർ ലംഘനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ലെന്നാണ് അറിയിച്ചത്. അഡ്ഹോക്ക് കമ്മിറ്റി ചൂണ്ടിക്കാണിച്ച മിക്ക കാര്യങ്ങളും കരാർ പുനഃരവലോകനം ചെയ്യുന്നത് സംബന്ധിച്ചാകയാൽ ഇവ പുനഃരവലോകന വേളയിൽ പരിഗണിക്കാവുന്നവയാണ്.

എങ്കിലും തമിഴ്നാട് പ്രകടമായി നടത്തിയിട്ടുള്ള ലംഘനങ്ങൾക്കെതിരെ ആർബിട്രേഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. മുല്ലപ്പെരിയാർ സംബന്ധിച്ച പ്രധാന ശുപാർശകളിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

പെരിയാർ പാട്ടക്കരാറിന്റെയും മറ്റു അനുബന്ധക്കരാറുകളുടെയും നിയമസാധ്യത സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്. ഈ കരാറുകൾക്ക് നിയമസാധ്യതയുണ്ടെന്നാണ് സർക്കാരിന് ലഭിച്ച പ്രാഥമിക നിയമോപദേശം. എന്നാൽ ഇതു സംബന്ധിച്ച് കൂടുതൽ നിയമവിശകലനം നടത്തി വരികയാണ്.

25-11-1979-ലെ യോഗ തീരുമാനപ്രകാരം ശുപാർശ ചെയ്തിരുന്ന അടിയന്തിര ഹ്രസ്വകാല-ദീർഘകാല പണികൾ ഇതിനകം പൂർത്തിയാക്കിക്കഴിഞ്ഞു. ഡാമിലെ ജലവിതാനം 136 അടിയിൽ നിന്നു വർദ്ധിപ്പിക്കാൻ യാതൊരു കാരണവശാലും പാടില്ലെന്നാണ് സർക്കാരിന്റെ നയപരമായ തീരുമാനം.

ഡാമിന് മുകളിൽ അരഭിത്തി 2 അടി പൊക്കിക്കെട്ടിയത് അനധികൃതമാണെന്ന് കാണിച്ച് സെൻട്രൽ വാട്ടർ കമ്മീഷന് സർക്കാർ കത്ത് നല്കിയിരുന്നു. അതനുസരിച്ച് പണികൾ നിർത്തിവയ്ക്കുകയുണ്ടായി.

മുല്ലപ്പെരിയാർ ജലം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള കരാറിൽ പുനഃരവലോകന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ വാർഷിക ആദായവിഹിതം ഇപ്പോൾ ലഭിക്കുന്നതിൽ നിന്നും ഗണ്യമായി വർദ്ധിപ്പിക്കുന്ന കാര്യത്തിൽ എന്തു നടപടികൾ സാദ്ധ്യമാണെന്ന് ആലോചിക്കാവുന്നതാണ്.

ഡാമിലെ ജലവിതാനം 136 അടിയിൽ നിന്നും വർദ്ധിപ്പിക്കാൻ പാടില്ലയെന്നതിനാൽ ബേബി ഡാമിലും ഈ നില തുടരും. 136 അടിയിൽ ജലം ശേഖരിക്കാൻ ബേബി ഡാം ശക്തമാണെന്നതിനാൽ ഇനിയും ബലപ്പെടുത്തേണ്ടതില്ലായെന്നാണ് കേരള സർക്കാർ നിലപാട്.

പാട്ടഭൂമിയുടെ വിസ്തീർണ്ണത്തെ സംബന്ധിച്ച് തർക്കമുള്ളതിനാൽ റീസർവേയ്ക്ക് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

അനുബന്ധം V

[20-2-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 16(*46)-ന്റെ 'എ' &'ബി' ഉത്തരം ദയവായി കാണുക]

രണ്ടായിരമാണ്ടോടെ എല്ലാവർക്കും കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ആവിഷ്ക്കരിച്ച ബ്രഹത് പദ്ധതി കേരള ജല അതോറിറ്റി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭൂജല വകുപ്പ് എന്നിവ സംയുക്തമായാണ് നടപ്പിലാക്കിവരുന്നത്.

ഗ്രാമീണ ജനതയ്ക്ക് ആളൊന്നിന് പ്രതിദിനം 40 ലിറ്റർ എന്ന തോതിലും നഗരവാസികൾക്ക് ആളൊന്നിന് 70 ലിറ്റർ എന്ന തോതിലും ശുദ്ധജലം എത്തിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പ്രസ്തുത പദ്ധതിക്ക് മൊത്തം 1423.00 കോടി രൂപയാണ് മതിപ്പ് ചെലവ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ ജല അതോറിറ്റി നടപ്പിലാക്കേണ്ട പദ്ധതികൾക്ക് മാത്രമായി 795.78 കോടി രൂപ വേണ്ടി വരും.

LIBRARY ARCHIVES Kerala Legislative Assembly